(സി) ഊട്ടറ പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ഊട്ടറ പാലത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഊട്ടറ പാലം ഏകദേശം 70 വർഷത്തോളം പഴക്കമുള്ളതാകുന്നു. ഇതിന്റെ കാലപ്പഴക്കം, അപകടാവസ്ഥ എന്നിവ സംബന്ധിച്ച പഠനമൊന്നും ഇതുവരെ നടത്തിയിട്ടില്ല.

(സി & ഡി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിവരുന്നു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

തലശ്ശേരി മാഹി ബൈപ്പാസ് നിർമ്മാണം

216 (3967) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) തലശ്ശേരി - മാഹി ബൈപ്പാസിന്റെ നീളം 18 കി.മീ. ആണ്. ഇതിൽ സ്ഥലം ഏറ്റെടുത്ത 12 കി.മീ. 2 വരിപ്പാതയായി കേരള സർക്കാരിന്റെ സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി തേടിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ ഇതിനു അനുമതി നിഷേധിക്കുകയുണ്ടായി. ഈ പദ്ധതിയെ കേന്ദ്ര ഗവൺമെന്റിന്റെ എൻ.എച്ച്.(ഒ) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നാലുവരിപാതയായി ഇ.പി.സി. രീതിയിൽ ടോളോടുകൂടി നടപ്പാക്കുന്നതിനായി ഡി.പി.ആർ. സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. ഈ പദ്ധതിയ്ക്കായി 220 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആറിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly